JAGRATHA-106

Vol-3, N0:31
17-09- 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## മുല്ലപ്പെരിയാർ ഡാമിന്റെ ചരിത്രവും കേരളം നേരിടുന്ന ദുരന്തഭീഷണിയും കേരള കത്തോലിക്കാസഭാ നിലപാട്

കേരളത്തിൽ ഇന്ന് ഏറെ വ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് മുല്ലപെരിയാർ അണക്കെട്ടും അനുബന്ധ പ്രശ്നങ്ങളും. കാലപ്പഴക്കം മൂലം ബലക്ഷയം നേരിടുന്ന അണക്കെട്ടുകളുടെ ലോകത്തെ ഈ മുതു മുത്തശ്ശി ജനസാന്ദ്രതയിൽ ഏറെ മുന്നിൽ നിൽക്കുന്ന കേരളത്തിലെ ഇടുക്കി, കോട്ടയം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ 40 ലക്ഷത്തിൽപ്പരം ജനങ്ങളുടെ ജീവനും സ്വത്തിനുമാണ് വൻദുരന്തഭീഷണി ഉയർത്തുന്നത്. ആധൂനിക നിർമ്മാണവസ്തുക്കളും സാങ്കേതികവിദ്യയുമുപയോഗിച്ച് നിർമ്മിക്കുന്ന അണക്കെട്ടുകൾ പോലും ശരാശരി 60 മുതൽ 70 വർഷം വരെയാണ് ആയുസ്സ് കണക്കാക്കപ്പെട്ടിട്ടുള്ളത്. 114 വർഷങ്ങൾക്കുമുമ്പ് മുല്ലപ്പെരിയാർ ഡാം നിർമ്മാണകാലത്ത് ഭൂകമ്പങ്ങൾ പോലുള്ള ഭൗമപ്രതിഭാസങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ ഭൗമശാസ്ത്രപഠനങ്ങൾ നടത്തുകയോ വേണ്ടത്ര മുൻകരുതൽ നടപടികൾ സ്വീകരിക്കുകയോ ഉണ്ടായിട്ടില്ല. ചുണ്ണാമ്പും ശർക്കരയും ചേർന്ന മിശ്രിതമായ സുർക്കി ഉപയോഗിച്ച് നിർമാണം പൂർത്തിയാക്കിയ മുല്ലപ്പെരിയാർ ഡാമിൽ പിന്നീട് ഗുരുതരമായ ചോർച്ച പ്രത്യക്ഷപ്പെട്ടു. ഇതേ തുടർന്ന് കേന്ദ്രജലകമ്മീഷൻ വിദഗ്ദപരിശോധന നടത്തുകയും ഡാമിന്റെ സുരക്ഷിതത്വം ഏറെ അപകടത്തിലാണെന്ന് വിലയിരുത്തുകയും ജലനിരപ്പ് 136 അടിയായി നിജപ്പെടുത്തുകയുമുണ്ടായി. കേന്ദ്രജലകമ്മീഷന്റെ നിർദ്ദേശപ്രകാരം കഴിഞ്ഞ 30 വർഷത്തിലേറെയായി തുടർന്നുപോന്ന 136 അടി ജലനിരപ്പിൽനിന്നും ഉടൻ 142 അടിയായും പിന്നീട് ചില വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി നിർമ്മാണവേളയിൽ വിഭാവനം ചെയ്ത പരമാവധി ജലസംഭരണി ശേഷിയായ 152 അടിയിലേക്ക് ഉയർത്താമെന്നുമാണ് ഇന്ത്യയിലെ പരമോന്നതനീതിന്യായപീഠമായ സുപ്രീം കോടതി അത്യപൂർവ്വമെന്ന് വിശേഷിപ്പിക്കാവുന്ന ഈ വിധിയിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത്.

### മുല്ലപെരിയാർ ഡാമും ഭൂതകാലചരിത്രവും

227 കിലോമീറ്റർ ദൈർഘ്യമുള്ള പെരിയാർ ആണ് നമ്മുടെ ഏറ്റവും നീളം കൂടിയ നദി. 5284 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ളതാണ് ഇതിന്റെ ആവാഹനക്ഷേത്രം(Catechent Area). പ്രതിവർഷം 435 ടി.എം.സി.(12310 ദശലക്ഷം ഘനമീറ്റർ) ജലസമ്പത്ത് ഈ നദി പ്രദാനം ചെയ്യുന്നു. കാലടി, ആലുവ, മലയാറ്റൂർ എന്നീ തീർത്ഥാടനകേന്ദ്രങ്ങളിൽ കൂടി ഒഴുകുന്ന പെരിയാറിന് സാംസ്ക്കാരിക പ്രധാന്യം കൂടിയുണ്ട്. പശ്ചിമഘട്ടത്തിലെ ശിവഗിരികൊടുമുടിയിൽ നിന്നുത്ഭവിച്ച ഈ നദി കിഴക്കാംതൂക്കായ കുന്നിൻചരിവുകളിലൂടെയും ഘോരനിബിഡവനങ്ങളിലൂടെയും പതിനാറു കിലോമീറ്റർ താഴോട്ടു ഒഴുകി 2400 മീറ്റർ ഉയരത്തിൽ നിന്നും 850 ഉയരത്തിൽ എത്തിച്ചേരുന്നു. അവിടെ വച്ച് പെരിയാർ തന്റെ ആദ്യ സഖിയായ മുല്ലയാറിനെ

കണ്ടെത്തുന്നു. ഏതാണ്ട് പതിനൊന്ന് കിലോമീറ്റർ യാത്ര ചെയ്തു കഴിയുമ്പോൾ ഒരു വലിയ മലയിടുക്കിൽ പ്രവേശിക്കുന്നു. ഈ മലയിടുക്കിലാണ് മുല്ലപ്പെരിയാർ അണക്കെട്ട് പണിതിരിക്കുന്നത്. 15.6 ടി.എം.സി. (443 ദശലക്ഷം ഘനമീറ്റർ) സംഭരണശേഷിയുള്ള മുല്ലപ്പെരിയാർ ജലസംഭരണി കേരളത്തിന്റെ 8000 ഏക്കർ സ്ഥലത്ത് പരന്നുകിടക്കുന്നു.

ബ്രിട്ടീഷ് ഭരണത്തിൽ, മദ്രാസ് ഗവർണറുടെ പ്രത്യേക താല്പര്യപ്രകാരം തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരിനാളിന്റെ കാലത്താണ് ഡാം നിർമ്മിക്കപ്പെട്ടത്. രാജാവിനെ ബ്രിട്ടീഷുകാർ നിയന്ത്രിച്ചിരുന്ന കാലമായിരുന്നു അത്. അതുകൊണ്ടുതന്നെ അന്നത്തെ കരാറുകളിലൊക്കെതന്നെയും കേരളത്തിന്റെ താല്പ്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടില്ല. 1886 ഒക്ടോബർ 21 ന് ഒപ്പുവച്ച പാട്ടക്കരാറിന്റെ പരിണാമമാണ് ഇന്നത്തെ മുല്ലപ്പെരിയാർ അണക്കെട്ട്. മുല്ലപ്പെരിയാറിലെ ജലം തമിഴ്നാട്ടിലേക്ക് തിരിച്ചുവിടണമെന്ന് 1862 മുതൽ മദ്രാസ് സർക്കാർ തിരുവിതാംകൂർ മഹാരാജാവിനട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ സ്വന്തം രാജ്യത്തിന്റെയും പ്രജകളുടേയും ഭാവിയെ കരുതി നീണ്ട 24 വർഷത്തിലേറെക്കാലം കരാറിൽ ഒപ്പുവയ്ക്കാതെ രാജാവ് പിടിച്ചുനിന്നു. രണ്ട് പതിറ്റാണ്ടോളം നീണ്ടു നിന്ന വാദപ്രതിവാദങ്ങൾക്കൊടുവിൽ ഗത്യന്തരമില്ലാതെ ബ്രിട്ടീഷുകാരുടെ സമ്മർദ്ദത്തിനുവഴങ്ങി കരാറിലൊപ്പുവയ്ക്കാൻ തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാൾ നിർബന്ധിതനാവുകയായിരുന്നു. ഒടുവിൽ ”എന്റെ ഹൃദയരക്തം കൊണ്ടാണ് ഞാൻ ഈ കരാറിൽ ഒപ്പു വയ്ക്കുന്നത്” എന്ന് അദ്ദേഹം പറഞ്ഞു. 1886 ലെ ഈ കരാറിൽ ജലസേചനആവശ്യത്തിന് വെള്ളം കൊടുക്കുവാൻ മാത്രമേ വ്യവസ്ഥയുള്ളു.

## മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണം

1886 ലാണ് മുല്ലപ്പെരിയാർ ഡാമിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ബ്രിട്ടീഷ്കാരനായ കേണൽ ജോൺ പെന്നി ക്വിക്ക് എന്ന എഞ്ചിനീയർക്കായിരുന്നു ഡാമിന്റെ നിർമ്മാണചുമതല. പെരിയാറിലെ മലവെള്ളപ്പാച്ചിലിന്റെ ശക്തിയിൽ രണ്ടുതവണ അണക്കെട്ടുനിർമ്മാണ ശ്രമം പരാജയപ്പെട്ടു. ഇതോടെ പദ്ധതിതന്നെ ഉപേക്ഷിക്കുവാൻ മദ്രാസ് ഗവൺമെന്റ് തീരുമാനിച്ചു. എന്നാൽ നിരാശനാകാതെ ഇംഗ്ലണ്ടിലുള്ള തന്റെ സ്വത്ത് വിറ്റു കിട്ടിയ 43 ലക്ഷം രൂപ കൊണ്ട് പെന്നികിക്ക് പണി തുടർന്നു. 1895 ൽ ഡാമിന്റെ പണി പൂർത്തിയായി. മുല്ലപ്പെരിയാർ ഡാമിനു സമീപം ഏകദേശം ‘10’ സെന്റോളം സ്ഥലത്ത് രണ്ട് നിലകളിലായി 19 ശവകുടീരങ്ങൾ കാണാം.

ശർക്കര, കരിമ്പിൻനീര്, കുമ്മായം, മണൽ, മുട്ടയുടെ വെള്ള എന്നിവ ഒരു നിശ്ചിത തോതിൽ സംയോജിപ്പിച്ച് സുർക്കി എന്ന മിശ്രിതവും കരിങ്കല്ലും ആണ് ഡാമിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ചത്. ആ കാലങ്ങളിൽ ഭാരതത്തിലെ രാജാക്കന്മാർ കൊട്ടാരം നിർമ്മിക്കുവാൻ ഉപയോഗിച്ചിരുന്നത് സുർക്കിയാണ്. ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് സുർക്കി എന്ന മിശ്രിതം പൂർണ്ണമായും ഭാരതത്തിൽ വികസിപ്പിച്ചെടുത്ത ഒരു സാങ്കേതികവിദ്യയാണ് എന്നാണ്. സുർക്കിയുടെ സാങ്കേതികവിദ്യ ഒന്നുകൊണ്ടുമാത്രമാണ് ഡാം ഇത്രയും നാൾ നിലനിന്നത്. 158 അടി ഉയരവും 1200 അടി നീളവുമുള്ള പ്രധാന അണയും, 56 അടി ഉയരവും 240 അടി നീളവുമുള്ള ബേബി ഡാമും 243 അടി നീളവും 56 അടി ഉയരവും ഉള്ള മൺ അണക്കെട്ടും, 36 അടി നീളവും 16 അടി വീതിയും ഉള്ള 10 സ്പിൽവേയും (ഉത്പ്ലാവകമാർഗ്ഗം) അടങ്ങുന്നതാണ് മുല്ലപ്പെരിയാർ അണക്കെട്ട്. 624 ചതുരശ്ര കിലോമീറ്റർ പൃഷ്ടി പ്രദേശമുള്ള ജലാശയമാണ് ഡാമിനുള്ളത്. ഡാമിന്റെ സംഭരണശേഷി 443.23 ദശലക്ഷം ഘനമീറ്റർ (15.662 ടി.എം.സി.)

ജലാശയം രൂപം കൊണ്ട ദിവസം മുതൽ അണക്കട്ടിന്റെ പിൻഭാഗത്ത് ജലകണങ്ങൾ ദൃശ്യമായിത്തുടങ്ങി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ക്രമേണ ഈ ജലകണങ്ങൾ ചോർച്ചയായി രൂപാന്തരപ്പെട്ടു. ഈ ചോർച്ചകളിൽ 60 ശതമാനവും അണക്കെട്ടിന്റെ മുകൾ ഭാഗത്തെ നാല്പതടിയിൽ കൂടെയാണ് സംഭവിക്കുന്നതെന്ന് നിരന്തര നിരീക്ഷണങ്ങൾ കൊണ്ട് അധികാരികൾക്ക് മനസ്സിലായി. ചോർന്നുകൊണ്ടിരുന്ന വെള്ളത്തിന്റെസാമ്പിളുകൾ രാസപരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ടിരുന്നു. പരിശോധനഫലങ്ങളുടെ അടിസ്ഥാനത്തിൽ, ഒരു വർഷം ശരാശരി 30 ടൺ ചുണ്ണാമ്പ് അണക്കെട്ടിന്റെ ശരീരഭാഗങ്ങളിൽ നിന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് കണ്ടെത്തി. എന്തു ചെയ്യണമെന്നറിയാതെ എഞ്ചിനീയർമാർ ധർമ്മസങ്കടത്തിലാ യി. വിദഗ്ധരുമായുള്ള സുദീർഘപഠനങ്ങളുടേയും സാങ്കേതികചർച്ചകളുടേയും അടിസ്ഥാനത്തിൽ അണക്കെട്ടിന്റെ

മുൻഭാഗം (upstream face) ഗണൈറ്റ് ചെയ്യാനും ശരീരഭാഗം മുഴുവൻ ഗ്രൗട്ട് ചെയ്യാനും തീരുമാനിച്ചു. 1930 ൽ ആരംഭിച്ച ഗണൈറ്റിംഗ് 1935- ലും 1922- ൽതുടങ്ങിയ ഗ്രൗട്ടിംഗ 1936 ലും ചെയ്തു തീർത്തു. ചോർച്ച താല്ക്കാലികമായി കുറഞ്ഞെങ്കിലും വർഷങ്ങൾ കഴിഞ്ഞതോടെ ചോർച്ച വീണ്ടും വർദ്ധിക്കുവാൻ തുടങ്ങി. 1970 കളിൽ അണക്കെട്ടിന്റെ ദുരവസ്ഥ ഭയജനകമായി പരിണമിച്ചു. പത്രമാധ്യമങ്ങളിൽ നിരന്തരം പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന വാർത്തകൾ അണക്കെട്ടിന്റെ താഴെ പാർക്കുന്ന ജനങ്ങളെ സംഭ്രാന്തിയിലാക്കി. പ്രശ്നം ഗുരുതരമാണെന്നു മനസിലാക്കിയ കേരളസർക്കാർ, കേന്ദ്രസർക്കാരുമായും തമിഴ്നാട് സർക്കാരുമായും ബന്ധപ്പെട്ടു. അതിന്റെ ഫലമായി 1979 ൽ ഒരു വിദഗ്ധസംഘം, കേന്ദ്രജലകമ്മീഷൻ ചെയർമാന്റെ നേതൃത്വത്തിൽ മുല്ലപ്പെരിയാർ അണക്കെട്ട് പരിശോധിക്കുകയുണ്ടായി. പരിശോധനകളുടെ വെളിച്ചത്തിൽ അപകടസ്ഥിതി ബോധ്യപ്പെട്ട വിദഗ്ധ സംഘം ഉത്പ്ലാവക മാർഗ്ഗത്തിലെ പത്തുവെന്റുകളും ഉടൻതന്നെ തുറന്ന് ജലാശയനിരപ്പ് 136 അടിയിലേക്ക് താഴ്ത്തുവാൻ നിർദ്ദേശിച്ചു.

## മുല്ലപ്പെരിയാർ അണക്കെട്ടിനു തകരാറു സംഭവിച്ചാൽ

മുല്ലപ്പെരിയാർ അണക്കെട്ടിനു തകരാറു സംഭവിച്ചാൽ കേരളം പ്രളയ ജലത്തിൽ മുങ്ങിപ്പോകും. 2450 ദശലക്ഷം ഘനമീറ്റർ പ്രളയജലം കേരളത്തിലെ നിരവധി ജില്ലകളെ നശിപ്പിക്കും. ജീവഹാനി സംഭവിക്കുന്നവരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയാത്തവിധം ഭീമമായിരിക്കും. ഇത്തരം മനുഷ്യനിർമിതമായ ഒരു ദുരവസ്ഥ എന്തു വിലകൊടുത്തും ഒഴിവാക്കിയേ പറ്റൂ. അണക്കെട്ടു പൊട്ടുന്നത് തമിഴ്നാടിനും ഗുണകരമല്ല. തമിഴ്നാട്ടിലേക്ക് തിരിച്ചുവിടുന്ന 30 ടി.എം.സി. ജലം അവർക്ക് കിട്ടാതാകും. മധുര, തേനി പ്രദേശങ്ങളിലെ പതിനായിരകണക്കിന് ഹെക്ടർ സ്ഥലത്തെ ജലസേചനവും വൈദ്യുതി ഉത്പാദനവും മുടങ്ങും. ജലം ലഭിക്കാതെ വന്നാൽ മൊത്തം കൃഷിസ്ഥലവും തരിശുഭൂമിയാവും. അണക്കെട്ടിനു തകരാർ സംഭവിച്ചാൽ അതിനു താഴെയുള്ള ഇടമലയാർ, ഭൂതത്താൻകെട്ട്, കുളമാവ്, ചെറുതോണി, ഇടുക്കി അണക്കെട്ടുകളിലേക്ക് സാധാരണ ഒഴുകിയെത്തുന്ന ജലത്തിന്റെ പതിന്മടങ്ങ് വേഗത്തിൽ അലറിയെത്തുന്ന വെള്ളത്തിന്റെ മർദ്ദം താങ്ങാൻ സാധിക്കാതെ ഈ അണക്കെട്ടുകൾക്കും നാശം സംഭവിക്കും. മുല്ലപ്പെരിയാറിൽ നിന്നുള്ള ജലം മൂന്നോ മൂന്നരയോ മണിക്കൂർ സമയം കൊണ്ട് ഇടുക്കി ഡാമിലെത്തും എന്നാണ് കണക്കാക്കിയിട്ടുള്ളത്. 1988 ലെ വനംവകുപ്പിന്റെ കണക്കുപ്രകാരം 1665- ൽപ്പരം അത്യപൂർവ്വ വന്യജീവി-സസ്യ സമ്പത്തുള്ള പെരിയാർ വന്യമൃഗസംരക്ഷണകേന്ദ്രവും നാമാവശേഷമാകും.

സാധാരണ എത് കൊടുംവേനലിലും മുല്ലപ്പെരിയാർഡാമിലെ ജലനിരപ്പ 100 അടിയിൽ താഴെ പോകാറില്ല. ഏതാണ്ട് 750 ക്യുബിക് അടി വെള്ളം ഉൾക്കൊള്ളാനാകുന്ന ഡാമിന്റെ ഉൾഭാഗത്ത് എപ്പോഴും ജലം നിറഞ്ഞു നിൽക്കുന്നതിലാൽ നാളിതുവരെ കാര്യമായ അറ്റകുറ്റപ്പണികളൊന്നും തന്നെ നടത്താൻ സാധിച്ചിട്ടില്ല.

## കോടതിവിധി

2006 ഫെബ്രുവരി 27 നാണ് മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഉയർത്താം എന്ന് സുപ്രീം കോടതി വിധിച്ചത്. നീണ്ട 27 വർഷത്തോളം തുടർന്നുപോന്ന 136 അടി എന്ന 'സ്റ്റാറ്റസ്കോ' യാണ് കോടതി വിധിയിലൂടെ തകർക്കപ്പെട്ടത്. മുല്ലപ്പെരിയാർ പരിസ്ഥിതി സംരക്ഷണഫോറവും തമിഴ്നാട് സർക്കാരും ജനതാപാർട്ടി പ്രസിഡണ്ട് സുബ്രമണ്യസ്വാമിയും അതിനെതിരെ കേരളവും സമർപ്പിച്ച ഹർജികൾ തീർപ്പാക്കിക്കൊണ്ട് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽനിന്ന് 142 അടിയായും പിന്നീട് അണക്കെട്ട് ശക്തിപ്പെടുത്തി വിദഗ്ധസമിതിയെകൊണ്ട് പരിശോധിപ്പിച്ചശേഷം ജലനിരപ്പ് 152 അടിയായും ഉയർത്താമെന്നുമാണ് ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിന്റെ ഉത്തരവ്. ചീഫ് ജസ്റ്റിസ് വൈ.കെ. അഗർവാൾ ജസ്റ്റിസുമാരായ സി.കെ. ഠാക്കർ, പി.കെ ബാലസുബ്രഹ്മണ്യം എന്നിവരടങ്ങുന്ന ബെഞ്ചാണ് ഈ സുപ്രധാനവിധി പ്രഖ്യാപിച്ചത്.

1979 നു ശേഷം 136 അടിക്കു മുകളിൽ ജലനിരപ്പ് ഉയരാത്തതുകാരണം 11.2 ചതുരശ്രകിലോമീറ്റർ പ്രദേശം തുറസ്സായി കിടക്കുകയായിരുന്നു. ഈ പ്രദേശത്ത് ഗോത്രവർഗ്ഗക്കാരുടേയും ആദിവാസികളുടേയും സങ്കേതങ്ങൾ രൂപം കൊള്ളുകയും അവരുടേതായ പ്രവർത്തനങ്ങളും തൊഴിലുകളും ആരംഭിക്കുകയും ചെയ്തു. 4000 പേരോളം വരുന്ന 1000 കുടുംബങ്ങളുടെ ജീവിതത്തെ ജലനിരപ്പിലെ വർദ്ധന പ്രതികൂലമായി

ബാധിക്കും. കേരളത്തിലേയും ഇന്ത്യയിലെ തന്നെയും ബൃഹത്തായ ഒരു കടുവാ സങ്കേതമാണ് പെരിയാർ പ്രദേശം. 777 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള ഈ പ്രദേശത്ത് 2000 ൽപ്പരം വിഭിന്ന സസ്യങ്ങളുണ്ട്.

## ഇനിയെന്ത്?

1886 ലെ മുല്ലപ്പെരിയാർ പാട്ടക്കരാറും അനുബന്ധകരാറുകളും റദ്ദാക്കണം. ഇരു സംസ്ഥാനത്തിനും പ്രയോജനമായ പുതിയ കരാർ നിലവിൽ വരണം. കേരളത്തിലെ ജനലക്ഷങ്ങളുടെ താല്പര്യങ്ങൾ പൂർണമായും സംരക്ഷിക്കുന്ന വിധത്തിലായിരിക്കണം അതിലെ വ്യവസ്ഥകൾ. ഇപ്പോഴത്തെ അണക്കെട്ട് ഉപേക്ഷിക്കണം. 1979 ലെ വിദഗ്ധ കമ്മറ്റി റിപ്പോർട്ടിലെ ശുപാർശ അനുസരിച്ച് പുതിയ ഒരു അണക്കെട്ട് തമിഴ്നാടിന്റെ ചെലവിൽ പണികഴിക്കണം. തമിഴ്നാട് ഇപ്പോൾ നമ്മുടെ ജലം ഉപയോഗിച്ച് കൃഷി നടത്തിക്കൊണ്ടിരിക്കുന്നു. 2 ലക്ഷം ഏക്കറിൽ ശാസ്ത്രീയമായി കൃഷി ചെയ്യാൻ ആവശ്യമായ ജലത്തിന്റെ ആവശ്യകത കൃത്യമായി നിജപ്പെടുത്തി അത്രയും ജലം നൽകാൻ വേണ്ട ഉയരം പുതിയ അണക്കെട്ടിന് കൊടുക്കണം. മിച്ച ജലം ഇടുക്കി ജലാശയത്തിലേക്ക് ഒഴുകി എത്താനുള്ള സംവിധാനങ്ങൾ പുതിയ അണക്കെട്ടിന്റെ രൂപകല്പനയിൽ ഉൾപ്പെടുത്തണം. പുതിയ അണക്കെട്ട് പ്രവർത്തനക്ഷമമാകുന്നതുവരെ മുല്ലപ്പെരിയാർഅണക്കെട്ടിന്റെ സുരക്ഷാനിലവാരവും ബലവും നിരന്തരം നിരീക്ഷണവിധേയമാക്കിക്കൊണ്ടിരിക്കണം.

## മുല്ലപ്പെരിയാർ ഡാമിന് ഭൂചലന ഭീഷണി

നൂറ്റാണ്ടുകൾക്ക് മുമ്പ് ഡാം പണിയുന്ന വേളയിൽ പരിസരപ്രദേശങ്ങളിലെ ഭൂചലന സാധ്യത മുൻകൂട്ടികണ്ട് വേണ്ട പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. മാത്രമല്ല മുൻകാലങ്ങളിൽ ഭൂകമ്പ സാധ്യത തീർത്തും വിരളമായ പ്രദേശങ്ങളുടെ പട്ടികയിലാണ് ഭൗമശാസ്ത്രജ്ഞന്മാർ കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. അക്കാലത്ത് റിക്ടർ സ്കെയിലിൽ നാലോ അതിൽ താഴെ മാത്രമോ തീവ്രതയുള്ള ചെറുചലനങ്ങളേ കേരളത്തിൽ പ്രതീക്ഷിച്ചിരുന്നുള്ളൂ. 2000 ഡിസംബർ 12-ാം തീയതിയും 2001 ജനുവരി 7-ാം തീയതിയും, കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ടയ്ക്കടുത്ത് അടുക്കം എന്ന സ്ഥലത്ത് റിക്ടർ സ്കെയിലിൽ 5 രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായി. കേരളത്തിന്റെ ഭൂപ്രദേശം ഒന്നാകെ റിക്ടർ സ്കെയിലിൽ 6.4 വരെ രേഖപ്പെടുത്താവുന്ന ഭൂകമ്പസാധ്യതയുള്ള മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മാറിയ ഈ ഭൗമശാസ്ത്രസാഹചര്യം വളരെ ഗൗരവബുദ്ധ്യ നാം പരിഗണിച്ചേ പറ്റൂ. പ്രത്യേകിച്ച് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വ പ്രശ്നം ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ അവസരത്തിൽ. കേരളത്തിൽ രണ്ടു പ്രധാനപ്പെട്ട വിള്ളലുകളായ 'ഇടമലയാർ' വിള്ളലും, 'പെരിയാർ' വിള്ളലും സന്ധിക്കുന്ന പ്രദേശത്താണ് മുല്ലപ്പെരിയാർ ഇടുക്കി ഡാമുകൾ സ്ഥിതി ചെയ്യുന്നത്. കേരളത്തിൽ, പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ ഭൂചലനം ഉണ്ടാകാൻ പ്രത്യേക കാരണം ഡാമുകളാണെന്നും പറയപ്പെടുന്നു.

## മുല്ലപ്പെരിയാർ സമരം

1979 മുതൽ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ പലതരത്തിലുള്ള ചെറുസമരപരിപാടികൾ നടത്തിയിരുന്നു. 1999 കുമളിയിൽ കുമളിസിറ്റിസൺ ഫോറം രൂപീകരിച്ച് സമരം നടത്തിയിരുന്നു. 2000 ൽ കുമളി സിറ്റിസൺ ഫോറവും, കെ.സി. വൈ.എം. സഹകരിച്ചുകൊണ്ട് 1001 നീളമുള്ള കത്ത് അന്നത്തെ കേരളീയനായ ഡോ. കെ.ആർ. നാരായണന് സമർപ്പിച്ചിരുന്നു. 2002 ൽ പെരിയാർവാലി പ്രൊട്ടക്ഷൻ മൂവ്മെന്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഇടപെടണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നു. 2004 ൽ കേരള -തമിഴ്നാട് മുഖ്യമന്ത്രിമാരുടെ ചർച്ച പരാജയപ്പെട്ടതോടെ സമരം ശക്തമായി. 2005-ൽ 1001 പേരടങ്ങുന്ന മുല്ലപ്പെരിയാർ സമരസമിതി രൂപീകരിച്ചു. ഉപ്പുതറ, കട്ടപ്പന, ഇടുക്കി, വണ്ടിപ്പെരിയാർ, കുമളി ചപ്പാത്ത് പ്രദേശങ്ങളിൽ കൺവെൻഷനുകളും വിവിധ സമരപരിപാടികളും നടത്തി. കേരളഗവൺമെന്റിനുപോലും ഒന്നും ചെയ്യാനാകാത്തതുപോലെ സുപ്രീംകോടതി വിധി വന്നതോടെ ജനം പരിഭ്രാന്തരായി. സമരസമിതി ശക്തമായ സമരപരിപാടിയുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചു. അങ്ങനെ 2006 ഡിസംബർ 25-ാം തീയതിമുതൽ റവ. ഫാ. ജോയി നിരപ്പേലും പ്രൊഫ. സി.പി റോയിയും നടത്തിയ 48 മണിക്കൂർ ഉപവാസസമരത്തിലൂടെ റിലേ ഉപവാസസമരം ആരംഭിച്ചു. വഴി തടയൽ ഹൈവേ ഉപരോധം, പോസ്റ്റോഫീസ് ഉപരോധം, കളക്ടറേറ്റ് മാർച്ച്,

കനാൽവെട്ടുസമരം (മുല്ലപ്പെരിയാറിലെ ജലം കനാൽവെട്ടി ഇടുക്കിയിലേക്ക് ഒഴുക്കുക) എന്ന ലക്ഷ്യത്തോടെ ആയുധങ്ങളുമായി പതിനായിരങ്ങൾ മുല്ലപ്പെരിയാറ്റിലേക്ക് മാർച്ച് നടത്തി. കനാൽവെട്ടുസമരത്തിൽ ഇടുക്കി ജില്ലാകളക്ടറും, മറ്റ് ഉദ്യോഗസ്ഥരും നൽകിയ ഉറപ്പിനെ തുടർന്നാണ് ജനം പിരിഞ്ഞുപോന്നത്. അതിനു ശേഷം സെക്രട്ടറി മാർച്ചും ട്രെയിൻ തടയൽ സമരവും നടത്തി. കേരളത്തിലെ വിവിധസാമൂഹിക, രാഷ്ട്രീയ, സാസ്ക്കാരിക നായകന്മാരും പരിസ്ഥിതിപ്രവർത്തകരും, ഉദ്യോഗസ്ഥരും, മതമേലദ്ധ്യക്ഷൻമാരും, കായിക താരങ്ങളും, സ്കൂൾ കോളേജ് വിദ്യാർത്ഥികളും, അദ്ധ്യാപകരും ഉൾപ്പെടെ 5 ലക്ഷത്തോളം പേർ സമരത്തിന് പിന്തുണ നൽകി. മുല്ലപ്പെരിയാർ സമരസമിതി നടത്തിക്കൊണ്ടിരിക്കുന്ന റിലേ ഉപവാസസമരം 950 ദിവസം പിന്നിട്ടു. മുല്ലപ്പെരിയാർ ഡാമിനും ഇടുക്കിഡാമിനും ഇടയിലുള്ള പെരിയാറിന്റെ തീരപ്രദേശത്തു മാത്രം 5 പഞ്ചായത്തുകളിൽപ്പെടുന്ന 5000 –ത്തോളം കുടുംബങ്ങൾ ഉണ്ട്.

മുല്ലപ്പെരിയാർപ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതുവരെ സമരം ശക്തമായി മുന്നോട്ടു പോകുമെന്നാണ് സമരസമിതിയുടെ നിലപാട്. പെരിയാറിന്റെ ഇരുകരങ്ങളിൽ പേടിച്ച് കഴിയുന്ന 40 ലക്ഷത്തോളം ജനങ്ങളുടെ ജീവനും സ്വത്തിനും ആര് സംരക്ഷണം നൽകും, കോടതിയോ, ഗവൺമെന്റോ?

**തയ്യാറാക്കിയത്: കെസിവൈഎം**